**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2620** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഗ്രാമവികസനത്തിനായി ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതത്തിന്റെ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രാമവികസനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം എത്രയാണെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ആകെയുള്ള വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; | (എ) | **കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി 2143.61 കോടി രൂപയും കേന്ദ്രവിഹിതമായി 4343.19 കോടി രൂപയും ചേർത്ത് ആകെ 6486.80 കോടി രൂപ ഗ്രാമവികസനത്തിനായി പദ്ധതി ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. ഈ തുകയിൽ നിന്ന് 1418.63 കോടി രൂപ സംസ്ഥാന വിഹിതമായും 1260.03 കോടി രൂപ കേന്ദ്രവിഹിതമായും ചെലവഴിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയിൽ 41.3 ശതമാനം ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | ഗ്രാമവികസനത്തിനായി വകയിരുത്തിയതിൽ പകുതിയോളം തുക ചെലവഴിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ? | (ബി) | **ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു** |

സെക്ഷൻ ഓഫീസർ